2026
NOVEMBER
27
FRIDAY

www.societytodaynews.com

സൊസൈറ്റി ടുഡേ

SOCIETY TODAY e-paper



ലോകത്തെ ഏറ്റവും വലിയ തേയില ഉത്പാദകരായി ഇന്ത്യ

ഒരു വർഷംകൊണ്ട് 10,000 കോടിയുടെ ടേൺ ഓവർ

ന്യൂദൽഹി: സർക്കാർ കണക്കുകൾ പ്രകാരം ചായയുടെ ഉത്പാദനത്തിൽ ലോകത്ത് ഒന്നാം സ്ഥാനവും ചായ കയറ്റുമതിയിൽ മൂന്നാം സ്ഥാനവും നിലനിർത്തിക്കൊണ്ട് ഇന്ത്യ തങ്ങളുടെ കാർഷിക കരുത്ത് ഒരിക്കൽ കൂടി തെളിയിച്ചിരിക്കുകയാണ്.

202526 സാമ്പത്തിക വർഷത്തിൽ 282.11 മില്യൺ കിലോഗ്രാം തേയിലയാണ് ഇന്ത്യ വിദേശ വിപണികളിലേക്ക് കയറ്റുമതി ചെയ്തത്. ഇതിലൂടെ ഏകദേശം 988.13 മില്യൺ അമേരിക്കൻ ഡോളറിന്റെ വരുമാനം രാജ്യത്തിന് ലഭിച്ചു. കേവലം ഒരു കയറ്റുമതി സംഖ്യ എന്നതിനപ്പുറം ഇന്ത്യയുടെ കാർഷിക സമ്പദ്വ്യവസ്ഥക്കും വിദേശനാണ്യ വരുമാനത്തിനും ഈ മേഖല നൽകുന്ന വലിയ പിന്തുണയാണ് ഇത് വ്യക്തമാക്കുന്നത്.

പശ്ചിമ ബംഗാളിലെ കുർസിയോങ്ങിൽ സംഘടിപ്പിച്ച തേയില വ്യവസായ പങ്കാളികളുടെ യോഗത്തിൽ വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ പങ്കെടുത്തു. തോട്ടം തൊഴിലാളികൾ മുതൽ കയറ്റുമതിക്കാർ വരെയുള്ളവരുടെ അനുഭവങ്ങളും ആശങ്കകളും നേരിട്ട് കേൾക്കുന്നതിനും ഭാവി പദ്ധതികൾ ചർച്ച ചെയ്യുന്നതിനുമായി ഒരുക്കിയ ഈ വേദി മേഖലയിലെ വെല്ലുവിളികളെ പ്രായോഗികമായി നേരിടാനുള്ള ശ്രമങ്ങളുടെ ഭാഗമായിരുന്നു.

ഔദ്യോഗിക പ്രസ്താവന പ്രകാരം ഡാർജിലിങ് തേയില വ്യവസായത്തിന്റെ പുനരുജ്ജീവനം, ലേല സംവിധാനം കൂടുതൽ വേഗതയുള്ളതും സുതാര്യവും കാര്യക്ഷമവുമാക്കൽ, തേയില ഗവേഷണങ്ങൾ ശക്തിപ്പെടുത്തൽ, ഗുണനിലവാരം ഉയർത്തൽ, കയറ്റുമതി പ്രോത്സാഹനം തുടങ്ങിയ നിരവധി വിഷയങ്ങളിൽ വിശദമായ ചർച്ചകൾ നടന്നു. കൂടാതെ എക്സ്പോർട്ട് പ്രൊമോഷൻ മിഷൻ കീഴിലുള്ള പദ്ധതികളും തോട്ടം തൊഴിലാളികളുടെ ക്ഷേമവും ചർച്ചകളിൽ പ്രധാന ഇടം പിടിച്ചു.

കാലത്തിനനുസരിച്ച് ലേല സംവിധാനം പരിഷ്കരിക്കുന്നതിനായി വിപുലമായ ആശയരൂപീകരണവും യോഗത്തിൽ നടന്നു. സാങ്കേതികവിദ്യയിലധിഷ്ഠിതമായ മാറ്റങ്ങൾ കൊണ്ടുവരിക, ഇടപാടുകളിലെ തടസ്സങ്ങൾ കുറക്കുക, സുതാര്യത ഉറപ്പാക്കുക എന്നിവക്ക് വലിയ പ്രാധാന്യം നൽകി. തേയില മൂല്യശൃംഖലയിലെ എല്ലാവർക്കും അനുകൂലമായ അന്തരീക്ഷം ഒരുക്കുന്നതിനും നടപടികൾ ലളിതമാക്കുന്നതിനുമായി 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' ഒരു പ്രധാന മുൻഗണനയായി ഉയർന്നു വന്നു.

അന്താരാഷ്ട്ര വിപണികളിൽ ഇന്ത്യൻ തേയിലയുടെ സാന്നിധ്യം വികസിപ്പിക്കുന്നതിനും കയറ്റുമതി മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിനും എക്സ്പോർട്ട് പ്രൊമോഷൻ മിഷനിലൂടെയുള്ള അവസരങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും ഊന്നൽ നൽകി.

പരമ്പരാഗത വിപണികൾക്കൊപ്പം പുതിയ വിപണികളിലേക്കും ഇന്ത്യൻ ചായ എത്തിക്കാൻ സർക്കാരും ടീ ബോർഡ് ഇന്ത്യയും വ്യവസായ പങ്കാളികളും ഒത്തുചേർന്ന് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും യോഗം ചൂണ്ടിക്കാണിച്ചു.



ഇൻഷുറൻസ് മേഖലയിൽ വൻ പരിഷ്കാരത്തിന് ഐആർഡിഎഐ

മുംബൈ: ഉപഭോക്താക്കളുടെ പരാതികൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ പരിഹരിക്കുന്നതിന് ഇൻഷുറൻസ് കമ്പനികൾക്ക് കർശനമായ നടപടികൾ കൊണ്ടുവരാൻ ഇൻഷുറൻസ് റെഗുലേറ്ററി ആൻഡ് ഡെവലപ്മെൻറ് അതോറിറ്റി ഓഫ് ഇന്ത്യ പദ്ധതിയിടുന്നു. ഇൻഷുറൻസ് സംബന്ധമായ പരാതികളെക്കുറിച്ച് റെഗുലേറ്റർ പുതിയൊരു കരട് രേഖ തയാറാക്കുകയാണെന്ന് റിപ്പോർട്ട്.

ഇൻഷുറൻസ് കമ്പനികൾ എത്ര വേഗത്തിൽ പരാതികൾ പരിഹരിക്കുന്നു എന്നതിൽ മാത്രമല്ല, അവരുടെ മറുപടികളുടെ ഗുണനിലവാരത്തിലും നിർദ്ദിഷ്ട നടപടി ശ്രദ്ധ കേന്ദ്രീകരിക്കും. ഇൻഷുറൻസ് കമ്പനികൾ നൽകുന്ന മറുപടികൾ വ്യക്തവും തൃപ്തികരവുമാണോ എന്നും പോളിസി ഉടമകൾ ഉന്നയിക്കുന്ന ആശങ്കകൾ പരിഹരിക്കുന്നുണ്ടോ എന്നും ഐ.ആർ.ഡി.എ.ഐ പരിശോധിക്കും.

ഉപഭോക്താക്കളുടെ പരാതികളോട് ഇൻഷുറൻസ് കമ്പനികൾ എങ്ങനെ പ്രതികരിക്കുന്നു എന്ന് പരിശോധിക്കാൻ ഐ.ആർ.ഡി.എ.ഐ പദ്ധതിയിടുന്നു. മറുപടികൾ പോളിസി ഉടമകൾക്ക് വ്യക്തവും തൃപ്തികരവുമാണോ എന്ന് വിലയിരുത്താനാണ് റെഗുലേറ്റർ ലക്ഷ്യമിടുന്നത്. മൊത്തത്തിലുള്ള പരാതി പരിഹാര പ്രക്രിയ മെച്ചപ്പെടുത്തുന്നതിലായിരിക്കും പ്രധാന ശ്രദ്ധ. അതായത്, ഒരു പരാതി വെറുതെ തീർപ്പാക്കിയതായി രേഖപ്പെടുത്തുന്നത് മാത്രം മതിയാകില്ല. മറുപടിയുടെ ഗുണനിലവാരവും ഉപഭോക്താവിന്റെ പ്രശ്നം പരിഹരിക്കപ്പെട്ടോ എന്നതും പരിശോധിക്കും.

ഇൻഷുറൻസ് പരാതി എന്നതിന്റെ നിർവ്വചനം പുനർനിർണ്ണയിക്കുന്നതിനെക്കുറിച്ചും ഐ.ആർ.ഡി.എ.ഐ ആലോചിക്കുന്നുണ്ട്. നിർദ്ദിഷ്ട അവലോകനം പരാതി പരിഹാര പ്രക്രിയയ്ക്ക് കൂടുതൽ വ്യക്തത നൽകിയേക്കും. പോളിസി ഉടമകൾ നേരിടുന്ന പൊതുവായ പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനായി സമാന സ്വഭാവമുള്ള ആവർത്തിച്ചുള്ള പരാതികളും റെഗുലേറ്റർ പരിശോധിക്കും.

ഇതിനുപുറമെ, ഇൻഷുറൻസ് മേഖലയിലെ വിതരണ പരിഷ്കാരങ്ങൾ അവലോകനം ചെയ്യുന്നതിനായി ഐ.ആർ.ഡി.എ.ഐ ആറംഗ വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പോളിസി ഉടമകൾ, ഇൻഷുറൻസ് കമ്പനികൾ, വിതരണക്കാർ എന്നിവരുൾപ്പെടെ എല്ലാ പങ്കാളികളുടെയും താൽപ്പര്യങ്ങൾ സമിതി പരിഗണിക്കും.



ഇന്ത്യക്കും ചൈനക്കും പുതിയ ഇറക്കുമതി തീരുവ പ്രഖ്യാപിക്കാനൊരുങ്ങി ട്രംപ്

വാഷിങ്ടൺ: ഇന്ത്യ, ചൈന, യൂറോപ്യൻ യൂണിയൻ ഉൾപ്പെടെ അമേരിക്കയുടെ പ്രധാന വ്യാപാര പങ്കാളികൾക്കെതിരെ പുതിയ ഇറക്കുമതി തീരുവകൾ ഏർപ്പെടുത്താൻ ഡൊണൾഡ് ട്രംപ് ഭരണകൂടം ഒരുങ്ങുന്നതായി റിപ്പോർട്ട്. അമേരിക്കൻ സുപ്രീംകോടതി നേരത്തെ റദ്ദാക്കിയ ഇറക്കുമതി തീരുവകൾക്ക് പകരമായി പുതിയ വ്യാപാര നിയന്ത്രണങ്ങൾ കൊണ്ടുവരാനാണ് നീക്കം. പുതിയ തീരുവകളുടെ പ്രഖ്യാപനം ഉടൻ ഉണ്ടായേക്കാമെന്നാണ് ബ്ലൂംബെർഗും വാൾസ്ട്രീറ്റ് ജേണലും റിപ്പോർട്ട് ചെയ്യുന്നത്. ചൈന, യൂറോപ്യൻ യൂനിയൻ, ഇന്ത്യ തുടങ്ങി 16ലധികം രാജ്യങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് പുതിയ തീരുവകൾ ഏർപ്പെടുത്താനാണ് അമേരിക്ക ആലോചിക്കുന്നത്.

അതേസമയം, ചൈന, യൂറോപ്യൻ യൂനിയൻ തുടങ്ങി 16 രാജ്യങ്ങളിലെ വ്യാവസായിക സബ്സിഡികളും സർക്കാർ സഹായങ്ങളും സംബന്ധിച്ച മാസങ്ങളായുള്ള അന്വേഷണത്തിന്റെ കണ്ടെത്തലുകൾ അമേരിക്കൻ വ്യാപാര പ്രതിനിധി ജാമിസൺ ഗ്രീർ ഈ ആഴ്ച പുറത്തുവിട്ടേക്കുമെന്ന് വാൾസ്ട്രീറ്റ് ജേണൽ റിപ്പോർട്ട് ചെയ്തു. എന്നാൽ പ്രഖ്യാപനത്തിന്റെ സമയക്രമത്തിൽ മാറ്റമുണ്ടാകാനും സാധ്യതയുണ്ടെന്നാണ് റിപ്പോർട്ടിലുള്ളത്.

പുതിയ താരിഫ് നടപടികളിൽ ഇന്ത്യക്ക് ഉയർന്ന ഇറക്കുമതി തീരുവ നേരിടേണ്ടിവരുമെന്നാണ് റിപ്പോർട്ടിലെ പ്രധാന സൂചന. ഇന്ത്യക്കും വിയറ്റ്നാമിനും യൂറോപ്യൻ യൂനിയൻ, ജപ്പാൻ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങളെ അപേക്ഷിച്ച് ഉയർന്ന തീരുവ ചുമത്താൻ അമേരിക്ക പദ്ധതിയിടുന്നതായാണ് വാൾസ്ട്രീറ്റ് ജേണൽ റിപ്പോർട്ട് ചെയ്യുന്നത്.

യൂറോപ്യൻ യൂനിയൻ, ജപ്പാൻ, ദക്ഷിണ കൊറിയ എന്നിവിടങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് 15 ശതമാനമോ അതിൽ താഴെയോ ആയിരിക്കും പുതിയ തീരുവയെന്നാണ് സൂചന. എന്നാൽ, ഇന്ത്യക്കും വിയറ്റ്നാമിനും എത്ര ശതമാനം നികുതി ചുമത്തുമെന്ന കാര്യത്തിൽ വ്യക്തത വന്നിട്ടില്ല.

സൊസൈറ്റി ടുഡേ
SOCIETY TODAY



അനന്ത സാധ്യതയുമായി മലങ്കരടൂറിസം

മൂലമറ്റം: പ്രകൃതിയുടെ നൈസർഗിക സൗന്ദര്യവും വേനൽക്കാല ജലസമൃദ്ധിയും കൂടിച്ചേരുന്ന നയനമനോഹരമായ മലങ്കര ജലാശയത്തോടനുബന്ധിച്ച് ടൂറിസം ഭൂപടത്തിൽ ഇടംപിടിക്കുന്ന പദ്ധതികൾക്കായി കാത്തിരിക്കുകയാണ് ഇവിടത്തുകാർ. പ്രകൃതി സൗഹൃദ ടൂറിസം പദ്ധതികൾ ഒരുക്കിയാൽ കോടിക്കണക്കിനു രൂപയുടെ വിദേശനാണ്യം ഉൾപ്പടെ നേടിയെടുക്കാനാകും. ആഭ്യന്തര വിദേശ സഞ്ചാരികളുടെ സ്വപ്നഭൂമിയായി പ്രദേശത്തെ മാറ്റാനുമാകും. ഇതുവഴി പഞ്ചായത്തിന്റെയും സമീപപ്രദേശങ്ങളുടെയും വികസനത്തിനും വ്യാപാരസ്ഥാപനങ്ങൾ ഉൾപ്പടെയുള്ളവയുടെ വരുമാന വർധനവിനും അവസരം ലഭിക്കും.

കുടയത്തൂർ, ആലക്കോട്, മുട്ടം, അറക്കുളം, വെള്ളിയാമറ്റം പഞ്ചായത്തുകളുടെ ഹരിതാഭ നിറഞ്ഞ മനോഹരമായ താഴ്വാരത്തിലാണ് ജലാശയം സ്ഥിതിചെയ്യുന്നത്. 10 കിലോമീറ്ററോളം നീളത്തിൽ വ്യാപിച്ചുകിടക്കുന്ന ശുദ്ധജല തടാകമാണിത്. വർഷം മുഴുവനും നിറഞ്ഞുകിടക്കുന്ന മറ്റൊരു ജലാശയമില്ല.മൂലമറ്റം പവർ ഹൗസിൽനിന്നു വൈദ്യുതി ഉത്പാദനത്തിനു ശേഷം പുറത്തേക്കു വിടുന്ന വെള്ളമാണ് മലങ്കരയെ ജലസമൃദ്ധമാക്കുന്നത്. പ്രകൃതിയുടെ വരദാനമായ ഇലവീഴാപൂഞ്ചിറ, മുതിയാമല, പറമ്പുകാട്ട് മല, കുടയത്തൂർ വിന്ധ്യൻ എന്നിവ ജലാശയത്തിന്റെ ഇരു ഭാഗങ്ങളിലുമായി തലയുയർത്തി നിൽക്കുന്നു.

പ്രമുഖ വിനോദസഞ്ചാരകേന്ദ്രമായ മൂന്നാർ, തേക്കടി, ഇടുക്കി, വാഗമൺ, ഗവി എന്നിവിടങ്ങളിലേക്ക് പോകുന്നവർക്ക് ഇടത്താവളമായി മലങ്കരയെ മാറ്റാനാകും. മലയാളം, തമിഴ്, തെലുങ്ക് ഭാഷകളിലുള്ള നിരവധി സിനിമകളുടെ ഇഷ്ട ലൊക്കേഷനായിരുന്നു ഇവിടം.നെടുമ്പാശേരി എയർപോർട്ടിൽനിന്നും വ്യവസായ ഹബ്ബായ കാക്കനാടുനിന്നും കോട്ടയത്തുനിന്നും അന്തർസംസ്ഥാന തീർഥാടനകേന്ദ്രമായ എരുമേലിയിൽനിന്നും രണ്ടു മണിക്കൂർ സഞ്ചരിച്ചാൽ ഇവിടെ എത്താനാകുമെന്നത് മലങ്കരയുടെ സാധ്യതയ്ക്ക് പുതിയ മാനം നൽകുന്നു. വൃഷ്ടിപ്രദേശത്തെ അടിക്കാടുകൾ വെട്ടിത്തെളിച്ച് ഇവിടെ പൂമരങ്ങളും ഔഷധച്ചെടികളും വച്ചുപിടിപ്പിച്ചാൽ നയനമനോഹരമായ കാഴ്ചയാകും.

ജലാശയ തീരത്തോടു ചേർന്ന നടപ്പാത നിർമിച്ചാൽ സഞ്ചാരികളെ കൂടുതലായി ആകർഷിക്കാനാകും. ജലാശയത്തിൽ ബോട്ടിംഗ്, കുട്ടവഞ്ചി, മുളച്ചങ്ങാടം എന്നിവയും ഒരുക്കാനാകും. തലയനാട് ഭാഗത്ത് കുട്ടികൾക്ക് നീന്തൽ പരിശീലനത്തിനും വാട്ടർ ഗെയിമുകൾക്കും ഉതകുന്ന സ്വിമ്മിംഗ്പൂൾ നിർമിക്കാനായാൽ വലിയനേട്ടമാകും.മുതിയാമല, ഇലവീഴാപൂഞ്ചിറ എന്നിവിടങ്ങളിൽ ട്രക്കിംഗ്, ജലാശയ തീരത്ത് ചിൽഡ്രൻസ് പാർക്ക്, വഞ്ചിതുഴയൽ, ഇലവീഴാപൂഞ്ചിറ, മലങ്കരമേഖലകളെ ഉൾപ്പെടുത്തി പാരാഗ്ലൈഡിംഗ്, ബട്ടർഫ്ളൈ പാർക്ക്, പക്ഷി സങ്കേതം, കൺവൻഷൻ സെൻറർ, മുതിയാമലകുടയത്തൂർ വിന്ധ്യൻ പ്രദേശങ്ങളെ ബന്ധിപ്പിച്ച് റോപ്വേ എന്നിവ ഒരുക്കാനാകും. ഇതോടൊപ്പം ജലാശയത്തിൽ ചൂണ്ടയിട്ടും വലയെറിഞ്ഞും മീൻപിടിക്കാനാവശ്യമായ സൗകര്യമൊരുക്കിയാൽ ധാരാളം പേർ ഇവിടേക്ക് എത്തും.

ജലാശയതീരത്ത് ഫ്ളോട്ടിംഗ് റസ്റ്ററൻറുകൾ, ഹോം സ്റ്റേ എന്നിവയും ഒരുക്കണം. തടാകതീരത്ത് പുൽത്തകിടികൾ, തണൽമരങ്ങൾ എന്നിവ വച്ചുപിടിപ്പിച്ചാൽ ഹൃദ്യമായ കാഴ്ചയാകും. വാണിജ്യമത്സ്യകൃഷിക്കും ഇവിടെ അനന്തസാധ്യതയുണ്ട്. സ്നാക്ക്സ്, ഐസ്ക്രീം പാർലറുകളും ഒരുക്കാനാകും. മലങ്കര മുതൽ ത്രിവേണി സംഗമംവരെ ബോട്ട് സർവീസിനും അനന്തസാധ്യതയാണുള്ളത്.



മഴ കുറഞ്ഞു; കല്ലട അണക്കെട്ടിലെ ജലനിരപ്പ് 108 മീറ്ററിലേക്ക് താഴ്ന്നു

തെന്മല : തുലാവർഷം ചതിച്ചതോടെ കല്ലടയിലെ ജലനിരപ്പ് താഴ്ന്നു. 115.82 മീറ്റർ സംഭരണശേഷിയുള്ള അണക്കെട്ടിൽ കഴിഞ്ഞ ദിവസം 108 മീറ്ററിലേക്ക് ജലനിരപ്പ് താഴ്ന്നു. തുലാമഴ കാര്യമായി പെയ്തില്ലെങ്കിൽ വേനൽക്കാല ജലസേചനം പ്രതിസന്ധിയിലാകും. മാത്രമല്ല മൂന്നു ജില്ലകളിലെ കാർഷികാവശ്യത്തിനുള്ള വെള്ളം നൽകാൻ കഴിയാതെ വരും. വേനൽക്കാലത്ത് കൊല്ലം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലേക്ക് കൃഷിക്കും കുടിവെള്ളത്തിനുമായി വലതുകര, ഇടതുകര കനാലുകൾ തുറന്ന് വെള്ളം നൽകുകയാണ് പതിവ്. മഴ കുറവായതിനാൽ ഈ സീസണിൽ ഒരിക്കൽപോലും അണക്കെട്ടിലെ ഷട്ടറുകൾ തുറന്നില്ല.

പോഷകനദികളായ കഴുതുരുട്ടി, കുളത്തൂപ്പുഴ ആറുകളിൽനിന്ന് കൂടുതൽ വെള്ളം ഒഴുകിയെത്താത്തതിനെ തുടർന്ന് അണക്കെട്ട് നിറയാത്തതാണ് കാരണം. ജലനിരപ്പ് താഴ്ന്നതോടെ അണക്കെട്ടിൽനിന്നുള്ള വൈദ്യുതി ഉത്പാദനം പീക്ക് ടൈമിൽ (വൈകുന്നേരം ആറുമുതൽ രാത്രി ഒൻപതുവരെ) മാത്രമാക്കി. വൈദ്യുതി ഉത്പാദനം കുറച്ചതോടെ കല്ലടയാറ്റിലേക്ക് കൂടുതൽ വെള്ളമൊഴുകിയെത്താനുള്ള സാധ്യത കുറഞ്ഞു. ഇടതുകര കനാലിൽ അറ്റകുറ്റപ്പണി തുടങ്ങാനിരിക്കുന്നതിനാൽ ലുക്ക്ഔട്ട് തടയണയിൽ വെള്ളം സംഭരിച്ചുനിർത്തുന്നില്ല.

വറ്റിവരണ്ട് കല്ലടയാർകല്ലടയാർ പൂർണമായും വറ്റിവരണ്ടനിലയിലാണ്. പാറക്കടവ്, ലുക്ക്ഔട്ട് ഭാഗങ്ങൾ പാറക്കൂട്ടങ്ങൾ മാത്രമായിട്ടുണ്ട്. അണക്കെട്ടിൻറെ വൃഷ്ടിപ്രദേശമായ പള്ളംവെട്ടി എർത്ത് ഡാമിൽ ഉൾപ്പെടെ മൊട്ടക്കുന്നുകൾ തെളിഞ്ഞനിലയിലാണ്.കഴിഞ്ഞ വർഷം ഇതേസമയം 110 മീറ്ററിനു മുകളിലായിരുന്നു ജലനിരപ്പ്. 2024 നവംബറിൽ 113.08 മീറ്ററായിരുന്നു. 2022ൽ 112.05 മീറ്ററും 2021ൽ 114.82 മീറ്ററും.

കാലാവസ്ഥാ വ്യതിയാനം അതിജീവിക്കുന്ന വിത്തിനങ്ങൾ ഉത്പാദിപ്പിക്കണം: മന്ത്രി

ആലപ്പുഴ: കാലാവസ്ഥാവ്യതിയാനത്തെ തുടർന്നുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ അതിജീവിക്കാൻ കെൽപ്പുള്ള വിത്തിനങ്ങളുടെ ഉത്പാദനം വേഗത്തിലാക്കാൻ കാർഷിക ഗവേഷണ സ്ഥാപനങ്ങൾ മുൻകൈയെടുക്കണമെന്ന് കൃഷി മന്ത്രി ടി. സിദ്ദിഖ്.

കായംകുളം സിപിസിആർഐയിൽ സംഘടിപ്പിച്ച കർഷക കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കാർഷിക മേഖലയിൽ കാലാവസ്ഥാ വ്യതിയാനം ഉണ്ടാക്കുന്ന നാശനഷ്ടങ്ങളുടെ പരിഹാരത്തിന് കേന്ദ്ര പിന്തുണയോടെ കാലാവസ്ഥാ പ്രതിരോധ ഫണ്ട് രൂപീകരിക്കും.എക്സോട്ടിക്ക് ഫലങ്ങളുടെ ഉത്പാദനവിപണനത്തിന് കേര പദ്ധതിയുടെ അനുബന്ധമായി പ്രത്യേക കർമ്മ പദ്ധതി രൂപീകരിക്കും. നാളികേര മേഖല പുനരുദ്ധാരണ പദ്ധതിക്ക് 540 കോടി രൂപ അനുവദിച്ചു. കായംകുളം ഉൾപ്പെടെ സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും സ്മാർട്ട് കൃഷിഭവനുകൾ സ്ഥാപിക്കും. പ്ലാൻറ് ഹെൽത്ത് ക്ലിനിക്, മണ്ണ് പരിശോധനാ ലാബ് എന്നിവ കൃഷിഭവനുകളിൽ ഒരുക്കും. കമ്മ്യൂണിറ്റി ഫാം ഡെവലപ്മെൻറിന് പ്രത്യേക പദ്ധതി പ്രഖ്യാപിക്കും. അടുത്ത രണ്ടു വർഷത്തിനുള്ളിൽ പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത നേടാൻ പ്രത്യേക പദ്ധതി തയ്യാറാക്കി നടപ്പാക്കുമെന്ന് മന്ത്രി പറഞ്ഞു. കായംകുളത്തെ കാർഷിക മേഖലയുടെ വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കുമെന്ന് ചടങ്ങിൽ അധ്യക്ഷനായ സഹകരണ എക്സൈസ് മന്ത്രി എം. ലിജു പറഞ്ഞു. കുരിപ്പുഴ പുഞ്ച മേഖലയിൽ ചെട്ടികുളങ്ങര മുതൽ ഏവൂർ വരെ കാർഷിക ബണ്ട് റോഡ് നിർമിക്കുന്നതിന് ബജറ്റിൽ തുക വകയിരുത്തി.റോഡിന്റെ ഡിപിആർ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിവരികയാണ്. ചെട്ടികുളങ്ങര, പത്തിയൂർ പഞ്ചായത്തുകളിലെ നെൽകൃഷി സംരക്ഷിക്കുക, ഓരുവെള്ളം തടയുക, കൊയ്ത്ത് സുഗമമാക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം.

കായംകുളം സിപിസിആർഐ കേന്ദ്രം തലവൻ ഡോ. റെജി ജേക്കബ് തോമസ്, കോഴ്സ് ഡയറക്ടറും പ്രിൻസിപ്പൽ സയിന്റിസ്റ്റുമായ ഡോ.കെ. നിഹാദ്, കാസർഗോഡ് സിപിസിആർഐ ആക്ടിംഗ് ഡയറക്ടർ ഡോ. അഗസ്റ്റിൻ ജെറാർഡ്, എസ്എച്ച്എം കേരളം മിഷൻ ഡയറക്ടർ എസ്. ആശ, കാസർഗോഡ് ഐസിഎആർ ക്രോപ്പ് പ്രൊഡക്ഷൻ ഹെഡ് ഡോ.പി. സുബ്രഹ്മണ്യൻ, ഓർഗനൈസിംഗ് സെക്രട്ടറി ഡോ.എ. അബ്ദുൽ ഹാരിസ് തുടങ്ങിയവർ പങ്കെടുത്തു.



സൊസൈറ്റി ടുഡേ SOCIETY TODAY



അങ്കമാലി അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിൽ നടന്ന ആദ്യത്തെ പീഡിയാട്രിക് റോബോട്ടിക് പൈലോപ്ലാസ്റ്റി ശസ്ത്രക്രിയയിലൂടെ സുഖം പ്രാപിച്ച ഒമാൻ സ്വദേശിയായ മൂന്ന് വയസ്സുകാരിയും കുടുംബവും മെഡിക്കൽ സംഘത്തോടൊപ്പം.

ഒമാൻ സ്വദേശിയായ മൂന്ന് വയസ്സുകാരിക്ക് പുതുജീവനേകി അപ്പോളോ അഡ്‌ലക്സ് ആശുപത്രി

കൊച്ചി: ജനനത്തിനു മുൻപേ തന്നെ വൃക്കരോഗം കണ്ടെത്തിയ ഒമാൻ സ്വദേശിയായ മൂന്ന് വയസ്സുകാരിക്ക് അങ്കമാലി അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിൽ സങ്കീർണ്ണമായ റോബോട്ടിക് പൈലോപ്ലാസ്റ്റി ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. ശസ്ത്രക്രിയ പലതവണ മാറ്റിവെച്ചതിനെത്തുടർന്ന് വൃക്കയുടെ പ്രവർത്തനം മോശമായതോടെയാണ് വിദഗ്ധ ചികിത്സ തേടി മാതാവ് കുട്ടിയെ അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിൽ എത്തിച്ചത്. ആശുപത്രിയിലെ ആദ്യത്തെ പീഡിയാട്രിക് റോബോട്ടിക് ശസ്ത്രക്രിയയാണിത്.

വൃക്കയിൽ നിന്ന് യൂറിറ്ററിലേക്ക് (മൂത്രവാഹിനി) മൂത്രം ഒഴുകുന്ന ഭാഗമായ യു.പി.ജെ (യൂറിറ്ററോപെൽവിക് ജംഗ്ഷൻ) യിലുണ്ടായ തടസ്സമാണ് കുട്ടിയുടെ ആരോഗ്യനില സങ്കീർണ്ണമാക്കിയത്. ഈ തടസ്സം നീക്കം ചെയ്ത് വൃക്കയിൽ നിന്ന് മൂത്രാശയത്തിലേക്കുള്ള മൂത്രപ്രവാഹം സുഗമമാക്കുന്ന ശസ്ത്രക്രിയയാണ് പൈലോപ്ലാസ്റ്റി. വിശദമായ പരിശോധനകൾക്ക് ശേഷം, കുഞ്ഞിന്റെ പ്രായവും ശസ്ത്രക്രിയയ്ക്ക് ശേഷമുണ്ടാവാൻ സാധ്യത ഉള്ള അസ്വസ്ഥതകളും വേദനയും കണക്കിലെടുത്ത് യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റും മേധാവിയുമായ ഡോ. റോയി പി ജോണിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം റോബോട്ടിക് ശസ്ത്രക്രിയക്ക് നിർദ്ദേശിക്കുകയായിരുന്നു. 15 കിലോ മാത്രം ഭാരമുണ്ടായിരുന്ന കുട്ടിയുടെ ശരീരത്തിൽ നാല് റോബോട്ടിക് പോർട്ടുകൾ കൃത്യമായി സ്ഥാപിച്ചാണ് സങ്കീർണ്ണമായ ഈ ശസ്ത്രക്രിയ പൂർത്തിയാക്കിയത്.

മൂന്ന് വയസ്സ് മാത്രം പ്രായമുള്ള കുട്ടിയിൽ സങ്കീർണ്ണമായ ശസ്ത്രക്രിയ നടത്തുമ്പോൾ ചികിത്സാരീതിയും ശസ്ത്രക്രിയാനന്തര രോഗമുക്തിയും അതീവ ശ്രദ്ധയോടെ പരിഗണിക്കേണ്ടതുണ്ടെന്ന് ഡോ. റോയ് പറഞ്ഞു. റോബോട്ടിക് ശസ്ത്രക്രിയയിലൂടെ കൂടുതൽ കൃത്യത ഉറപ്പാക്കാനും വളരെ ചെറിയ മുറിവുകളിലൂടെ നടപടികൾ പൂർത്തിയാക്കാനും സാധിക്കും. ഇത് ശസ്ത്രക്രിയ മൂലമുണ്ടാകുന്ന ആഘാതവും വേദനയും കുറയ്ക്കാൻ സഹായിക്കുന്നു. കുട്ടിക്ക് സുഖകരവും വേഗത്തിലുള്ളതുമായ രോഗമുക്തി ഉറപ്പാക്കിക്കൊണ്ട് രോഗാവസ്ഥ ഫലപ്രദമായി പരിഹരിക്കുക എന്നതായിരുന്നു ഞങ്ങളുടെ പ്രഥമ പരിഗണനയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശസ്ത്രക്രിയയ്ക്ക് ശേഷം വേഗത്തിൽ സുഖം പ്രാപിച്ച കുട്ടി വേദനയില്ലാതെ നടക്കുകയും നാലാം ദിവസം തന്നെ ആശുപത്രി വിടുകയും ചെയ്തു. ഒമാനിലേക്ക് മടങ്ങുന്നതിന് മുമ്പ് കുടുംബത്തിന് മൂന്നാറിലേക്ക് വിനോദയാത്ര നടത്താനും സാധിച്ചു.

കൃത്യതയും വേഗത്തിലുള്ള രോഗമുക്തിയും ഉറപ്പാക്കുന്ന ആധുനിക ശസ്ത്രക്രിയാ രംഗത്തെ സുപ്രധാന മുന്നേറ്റമാണ് റോബോട്ടിക് അസിസ്റ്റഡ് സർജറി. ശിശുരോഗ ചികിത്സ ഉൾപ്പെടെയുള്ള സ്പെഷ്യലൈസ്ഡ് വിഭാഗങ്ങളിലേക്ക് ഇത്തരം നൂതന ചികിത്സാ രീതികൾ എത്തിക്കാൻ അപ്പോളോ അഡ്‌ലക്സ് പ്രതിജ്ഞാബദ്ധരാണെന്ന് സി.ഇ.ഒ ഡോ. ഏബൽ ജോർജ് പറഞ്ഞു. മെഡിക്കൽ സംഘത്തിന്റെ വൈദഗ്ധ്യത്തിന്റെയും ആധുനിക ചികിത്സാ സൗകര്യങ്ങൾ വിപുലീകരിക്കുന്നതിലുള്ള നിരന്തരമായ ശ്രദ്ധയുടെയും ഫലമായാണ് ആദ്യത്തെ പീഡിയാട്രിക് റോബോട്ടിക് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

അനസ്തേഷ്യ വിഭാഗം സീനിയർ കൺസൾട്ടന്റും എച്ച്.ഒ.ഡി.യുമായ ഡോ. ഡിനിറ്റ് ജോയ്, ഡോ. അലീന എന്നിവരടങ്ങുന്ന അനസ്തേഷ്യ സംഘത്തിന്റെയും പി.ഐ.സി.യു നഴ്സുമാർ, റോബോട്ടിക് അസിസ്റ്റന്റ്സ് നഴ്സുമാർ, ഓപ്പറേഷൻ തിയേറ്റർ ടീം എന്നിവരുടെയും ഏകോപിതമായ പ്രവർത്തനമാണ് ഈ നേട്ടത്തിന് പിന്നിൽ. ശിശുരോഗ ചികിത്സാ രംഗത്ത് റോബോട്ടിക് ശസ്ത്രക്രിയയുടെ സാധ്യതകൾ വിപുലീകരിക്കുന്നതിൽ സുപ്രധാന നാഴികക്കല്ലാണ് ഈ വിജയമെന്ന് ആശുപത്രി അധികൃതർ വ്യക്തമാക്കി.

ആർടിഒ എൻഫോഴ്സ്മെൻറ് 5.27 ലക്ഷം രൂപ പിഴ ഈടാക്കി, 161 ഇചലാനുകൾ

കൊച്ചി: അമിതഭാരം കയറ്റിയും അനുവദനീയമായതിലും കൂടുതൽ ഉയരത്തിൽ ചരക്ക് കൊണ്ടുപോയും സർവീസ് നടത്തുന്ന വാഹനങ്ങൾക്കെതിരെ എറണാകുളം ആർടിഒ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ ജില്ലയിലുടനീളം നടത്തിയ മിന്നൽ പരിശോധനയിൽ പിഴ ഈടാക്കിയത് 5.27 ലക്ഷം രൂപ.

ആകെ 198 വാഹനങ്ങൾ പരിശോധിച്ചു. അനുവദനീയമായതിലും അധികം ഭാരം കയറ്റിയ ആറു വാഹനങ്ങൾ കണ്ടെത്തി. നിയമലംഘനങ്ങൾ നടത്തിയ 57 വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. വിവിധ നിയമലംഘനങ്ങൾ കണ്ടെത്തിയതിനെ തുടർന്ന് ആകെ 161 ഇ ചലാനുകൾ നൽകി.

ഡ്രൈവിംഗ് ലൈസൻസ്, വാഹനങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, നികുതി എന്നിവ ഇല്ലാതെ സർവീസ് നടത്തിയ വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു. അമിതഭാരം കയറ്റിയ വാഹനങ്ങളുടെ ബോഡിയിൽ അനധികൃതമായി രൂപമാറ്റം വരുത്തിയതും പരിശോധനയിൽ കണ്ടെത്തി.

പെരുമ്പാവൂർ, പേഴയ്ക്കാപ്പിള്ളി, കളമശേരി, മൂവാറ്റുപുഴ, ഇടപ്പള്ളി തുടങ്ങിയ പ്രധാന മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക സ്കാഡുകളായി തിരിഞ്ഞായിരുന്നു പരിശോധന. റോഡപകടങ്ങൾക്കും ഗതാഗത തടസങ്ങൾക്കും കാരണമാകാനിടയുള്ള നിയമലംഘനങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടി തുടരുമെന്നും വരും ദിവസങ്ങളിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പരിശോധന ശക്തമാക്കുമെന്നും ആർടിഒ എൻഫോഴ്സ്മെൻറ് അറിയിച്ചു.

സ്റ്റുഡൻറ്സ് യൂണിയൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം

സർവകലാശാല ഡിപ്പാർട്ട്മെൻറ് സ്റ്റുഡൻറ്സ് യൂണിയൻ തെരഞ്ഞെടുപ്പ് വിജ്ഞാപനം നവംബർ 25ന് പ്രസിദ്ധീകരിച്ചു. തെരഞ്ഞെടുപ്പ് ഡിസംബർ 9ന് നടക്കും. പ്രിലിമിനറി ഇലക്ടറൽ റോൾ നവംബർ 26ന് സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

സൗജന്യ തൊഴിൽ മേള

മഹാത്മാഗാന്ധി സർവകലാശാല മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 5ന് രാവിലെ 10 മണി മുതൽ 200ഓളം ഒഴിവുകളിലേക്ക് സൗജന്യ തൊഴിൽ മേള നടത്തുന്നു. എസ്.എസ്.എൽ.സി. മുതൽ ബിരുദം, ബി.ടെക്, എം.ബി.എ. തുടങ്ങി വിവിധ യോഗ്യതയുള്ളവർക്ക് പങ്കെടുക്കാം. ഡിസംബർ 4നകം https://shorturl.at/OJSsG വഴി രജിസ്റ്റർ ചെയ്യണം. വിവരങ്ങൾക്ക് www.facebook.com/MC-CKTM സന്ദർശിക്കുക. ഫോൺ 04812731025, 9495628626, 6282317660

പരീക്ഷയ്ക്ക് അപേക്ഷിക്കാം

രണ്ടാം സെമസ്റ്റർ എംഎഡ് (സ്പെഷ്യൽ എജ്യൂക്കേഷൻ ലേണിംഗ് ഡിസെബിലിറ്റി) (2025 അഡ്മിഷൻ റഗുലർ) പരീക്ഷകൾ ഡിസംബർ 2 മുതൽ നടക്കും. നവംബർ 27 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോട് കൂടി നവംബർ 28 വരെയും സൂപ്പർ ഫൈനോട് കൂടി നവംബർ 30 വരെയും അപേക്ഷ സ്വീകരിക്കും.

പരീക്ഷാ തീയതി

ഡിസംബർ 11 മുതൽ നടക്കുന്ന മൂന്നാം സെമസ്റ്റർ എംബിഎ (2023 അഡ്മിഷൻ സപ്ലിമെൻററി, 20202022 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷാ ടൈം ടേബിൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബിഎ മ്യൂസിക്ക് ആൻഡ് വോക്കൽ (സിബിസിഎസ്) (2020,2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017,2019 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒക്ടോബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 27ന് തൃപ്പൂണിത്തുറ ആർഎൽവി കോളേജ് ഓഫ് മ്യൂസിക്ക് ആൻഡ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പരീക്ഷാ ഫലം

രണ്ടാം സെമസ്റ്റർ എംബിഎ (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ) ജൂൺ 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഡിസംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എംഎ ഹിന്ദി പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2024 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഡിസംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

വാക്ഇൻഇൻറർവ്യൂ

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോ സയൻസസിൽ കരാർ അടിസ്ഥാനത്തിൽ മെഡിക്കൽ ലാബ് ടെക്നോളജിസ്റ്റിന്റെ 2 ഒഴിവുണ്ട്, വേതനം 20,000 വാക്ഇൻ ഇൻറർവ്യൂ ഡിസംബർ 10ന് രാവിലെ 11 മണിക്ക് നടക്കും. യോഗ്യതയുള്ളവർ പൂരിപ്പിച്ച അപേക്ഷയും അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം രാവിലെ 10 മണിക്ക് എഡി എ 5 സെക്ഷനിൽ ഹജരാകണം.

പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എംഎ ഹിസ്റ്ററി, എംഎ ഇംഗ്ലീഷ്, എംഎ മലയാളം, എംഎ ഇക്കണോമിക്സ്, സയൻസ്, എംഎ അറബിക് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 20202024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഡിസംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എംഎ പൊളിറ്റിക്കൽ സയൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 20202024 അഡ്മിഷനുകൾ സപ്ലിമെൻററി, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനക്കും ഡിസംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എംഎസ്.സി മാത്തമാറ്റിക്സ് പ്രൈവറ്റ് രജിസ്ട്രേഷൻ (സിഎസ്എസ്) (2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

ഇന്ത്യൻ സിനിമാ കമ്പനിയുടെ അഞ്ചാം ചിത്രം

'അക്ഷരംപ്രതി' ആരംഭിച്ചു

പ്രതീക്ഷ പകരുന്ന ഒരുപിടി ചിത്രങ്ങളുമായി മലയാള സിനിമയിൽ ശ്രദ്ധേയമായ ചുവടുവെപ്പുമായി മുന്നേറുന്ന, ടിപ്പുഷാൻ വി.ഇ, ഷിയാസ് ഹസൻ എന്നിവർ നേതൃത്വം നൽകുന്ന ഇന്ത്യൻ സിനിമാ കമ്പനിയുടെ പുതിയ ചിത്രമായ 'അക്ഷരംപ്രതി'യുടെ പൂജാ ചടങ്ങുകൾ കൊച്ചിയിലെ മാരിയറ്റ് ഹോട്ടലിൽ നടന്നു. പ്രശസ്ത സംവിധായകൻ ജീത്തു ജോസഫിന്റെ സംവിധാന സഹായിയായിരുന്ന രേഷ്മ ശിവകുമാർ ആണ് ഈ ചിത്രം ഒരുക്കുന്നത്. ജിത്തു ജോസഫ് മുഖ്യാതിഥിയായി പങ്കെടുത്ത ചടങ്ങിൽ, ചിത്രത്തിലെ പ്രധാന താരങ്ങളും അണിയറ പ്രവർത്തകരും സന്നിഹിതരായി. ഇന്ത്യൻ സിനിമാ കമ്പനിയുടെ പ്രൊഡക്ഷൻ നമ്പർ 5 ആയാണ് അക്ഷരംപ്രതി ഒരുങ്ങുന്നത്. ബേബി ജീൻ നായകനായി എത്തുന്ന ചിത്രം, അദ്ദേഹം ആദ്യമായി നായകവേഷം അവതരിപ്പിക്കുന്ന സിനിമ കൂടിയാണ്. സംവിധായിക രേഷ്മ ശിവകുമാർ, അരുൺ സി എസ് എന്നിവർ ചേർന്നാണ് ചിത്രത്തിന് തിരക്കഥ രചിച്ചത്.



ചടങ്ങിൽ ചിത്രത്തിലെ നായകൻ ബേബി ജീൻ, ഗോപിക രമേഷ്, ഗ്രേസ് ആന്റണി എന്നിവർ പങ്കെടുത്തു. ജീത്തു ജോസഫിനൊപ്പം പ്രവർത്തിച്ച അനുഭവ സമ്പത്തുമായാണ് രേഷ്മ ശിവകുമാർ സ്വതന്ത്ര സംവിധായികയായി 'അക്ഷരംപ്രതി'യിലൂടെ എത്തുന്നത്. ചിത്രീകരണം ഉടൻ ആരംഭിക്കും. ബേബി ജീൻ, ഗ്രേസ് ആന്റണി, ഗോപിക രമേഷ് എന്നിവർക്കൊപ്പം മഞ്ജു പിള്ള, ലെന, ശരത് സഭ, ചന്തു സാലിം കുമാർ, ഷാൻ റഹ്മാൻ, ശ്രീരേഖ രാജഗോപാൽ, നന്ദന (ഉപ്പും മുളകും), അൽത്താഫ് സലിം, സുധി കോഴിക്കോട്, അനാർക്കലി മരിക്കാർ, ശിവ ഹരിഹരൻ, ശിവ കുമാർ (ശിവ എന്റർടെയ്നർ), ഷഫ്ന നിസാം, ഗംഗ മീര എന്നിവരും ചിത്രത്തിൽ പ്രധാന വേഷങ്ങളിലെത്തുന്നു. ടിപ്പുഷാൻ വി.ഇ, ഷിയാസ് ഹസൻ എന്നിവർ രൂപം നൽകിയ ഇന്ത്യൻ സിനിമാ കമ്പനി കഴിഞ്ഞ 2 മാസത്തിനുള്ളിൽ മൂന്ന് നവാഗത സംവിധായകരുടെ ചിത്രങ്ങൾക്കാണ് തുടക്കമിട്ടത്. വ്യത്യസ്തമായ പ്രമേയങ്ങളുമായി എത്തുന്ന ഈ മൂന്ന് ചിത്രങ്ങളിലൂടെ പുതുമുഖ സംവിധായകർക്ക് അവസരം നൽകുകയാണ് നിർമ്മാണ കമ്പനി. ജിതേഷ് എസ്. റാം സംവിധാനം ചെയ്യുന്ന പ്രൊഡക്ഷൻ നമ്പർ 3, ഗിരീഷ് എ.ഡിയുടെ ചീഫ് അസോസിയേറ്റ് ഡയറക്ടറായി പ്രവർത്തിച്ചിട്ടുള്ള രോഹിത് ചന്ദ്രശേഖർ ഒരുക്കുന്ന പ്രൊഡക്ഷൻ നമ്പർ 4 എന്നിവയാണ് കഴിഞ്ഞ മാസങ്ങളിൽ ചിത്രീകരണം ആരംഭിച്ചത്.


ഷറഫുദ്ദീൻ നായകനാകുന്ന ജിതേഷ് റാമിന്റെ ചിത്രം ഒരു ഫാമിലി എന്റർടെയിനറാണ്. അലൻ ബിൻ സിറാജും ചിത്രത്തിൽ പ്രധാന വേഷത്തിലെത്തുന്നു. പുതുമുഖങ്ങൾ കേന്ദ്ര കഥാപാത്രങ്ങളാകുന്ന പ്രണയകഥയാണ് രോഹിത് ചന്ദ്രശേഖർ ഒരുക്കുന്ന ചിത്രത്തിന്റെ പ്രമേയം. കിരൺ കെ.എസ്. തിരക്കഥ ഒരുക്കിയ ഈ ചിത്രത്തിന്റെ ചിത്രീകരണം അടുത്തിടെ പൂർത്തിയായിരുന്നു.

ടോവിനോ തോമസിനെ നായകനാക്കി അനുരാജ് മനോഹർ സംവിധാനം ചെയ്ത, പ്രേക്ഷകനിരൂപക പ്രശംസ നേടിയ 'നരിവേട്ട' നിർമ്മിച്ചുകൊണ്ടാണ് ഇന്ത്യൻ സിനിമാ കമ്പനി മലയാള സിനിമയിൽ അരങ്ങേറ്റം കുറിച്ചത്. ആദ്യ ചിത്രത്തിന് പിന്നാലെ പ്രതിഭാധനരായ പുതിയ സംവിധായകരെയും കലാകാരന്മാരെയും പിന്തുണച്ച് കൂടുതൽ മികച്ച സിനിമകളുമായി പ്രേക്ഷകരിലേക്ക് എത്താനുള്ള ഒരുക്കത്തിലാണ് കമ്പനി. 'അക്ഷരംപ്രതി'യുടെ പൂജാ ചടങ്ങുകളോടെ ഈ യാത്രയിലെ അഞ്ചാമത്തെ ചിത്രത്തിനും തുടക്കമായിരിക്കുകയാണ്.

സംഗീതം: ജേക്സ് ബിജോയ്, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: പ്രണവ് പറശ്ശിനി , ഛായാഗ്രഹണം: ജിതേഷ് മംഗലപ്പിള്ളി, എഡിറ്റിംഗ്: ഷമീർ മുഹമ്മദ്, കലാസംവിധാനം: എം. ബാവ, കോസ്റ്റ്യൂം: സമീറ സനീഷ്, സൗണ്ട് ഡിസൈൻ: രംഗനാഥ് രവി, പ്രൊഡക്ഷൻ കൺട്രോളർ: ഷിബു ജി. സുശീലൻ, ചീഫ് അസോസിയേറ്റ്സ്: പ്രകാശ് കെ. മധു, സോണി ജി. സോളമൻ, മേക്കപ്പ്: ആർ.ജെ. വയനാട്, കാസ്റ്റിംഗ് ഡയറക്ടർ: വിവേക് അനിരുദ്ധ്, ക ളറിസ്റ്റ്: ഷൺമുഖ പാണ്ഡ്യൻ എം, ഡി.ഐ: ഇന്ത്യൻ സിനിമാ കമ്പനി, വി.എഫ്.എക്സ്: ഡിജിബ്രിക്സ്, പബ്ലിസിറ്റി ഡിസൈൻ: ടെൻ പോയിന്റ്, പി.ആർ.ഒ: വൈശാഖ് സി. വടക്കേവീട്, ജിനു അനിൽകുമാർ.

ഫഹദ് ഫാസിലും 96 സംവിധായകനും ഒന്നിക്കുന്നു അശരീരിയിലൂടെ

ഫഹദ് ഫാസിലും, 96, മെയ്യഴകൻ എന്നീ ഹിറ്റ് ചിത്രങ്ങളുടെ സംവിധായകനുമായ സി. പ്രേംകുമാറും ഒന്നിക്കുന്നു. ഉദ്വേഗം നിറയ്ക്കുന്ന ടൈറ്റിൽ അനൗൺസ്മെൻറ് വിഡിയോയിലൂടെയാണ് അണിയറപ്രവർത്തകർ ചിത്രത്തിന്റെ പേര് പ്രഖ്യാപിച്ചത്. അശരീരി എന്നാണ് ചിത്രത്തിന് പേര് നൽകിയിരിക്കുന്നത്. 2027 ജനുവരി ഒന്നിനാണ് ചിത്രത്തിൻറെ റിലീസ്. ഗ്രീൻ ലൈനുകൾ നിറഞ്ഞ മൊബൈൽ ഡിസ്പ്ലേ, അൺനോൺ നമ്പറിൽ നിന്നെത്തുന്നൊരു ഫോൺകോൾ, കട്ടത്താടിയുമായുള്ള ഫഹദിന്റെ അവ്യക്തമായ രൂപം എന്നിവയാണ് ടൈറ്റിൽ വീഡിയോയിൽ കാണിച്ചിരിക്കുന്നത്. 96, മെയ്യഴകൻ എന്നീ ചിത്രങ്ങൾക്ക് ശേഷം പ്രേംകുമാർ സംവിധാനം ചെയ്യുന്ന ചിത്രമെന്ന നിലയിൽ വലിയ പ്രതീക്ഷയോടെയാണ് പ്രോജക്റ്റിനെ നോക്കിക്കാണുന്നത്. വേൽസ് ഫിലിംസ് ഇൻറർനാഷണലിന്റെ ബാനറിൽ ഡോ.ഇഷാരി കെ ഗണേഷ്, മൺസൂൺ മൂവീസുമായാണ് ഈ ചിത്രം നിർമിച്ചിരിക്കുന്നത്. ഭാവന റിലീസ് ചിത്രം കേരളത്തിൽ വിതരണത്തിനെത്തിക്കും. ഏറെ പ്രേക്ഷകശ്രദ്ധയാർജിച്ച ഹൃദയസ്പർശിയായ ഫീൽഗുഡ് ചിത്രങ്ങൾ ഒരുക്കിയിട്ടുള്ള പ്രേംകുമാറിന്റെ പുതിയ ചിത്രം പക്ഷേ അദ്ദേഹം ഇതുവരെ ചെയ്യാത്തൊരു ജോണറിലാണെന്നാണ് ടൈറ്റിൽ വിഡിയോ നൽകുന്ന സൂചന. ശിവദ, ചേതൻ, ഗീത, ഹരീഷ് ഉത്തമൻ, കരുണാകരൻ, ശരൺ എന്നിവരും ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്നു. സംഗീതം: ഗോവിന്ദ് വസന്ത, ഛായാഗ്രഹണം: മഹേന്ദിരൻ ജയരാജു, എഡിറ്റിംഗ്: ആർ. ഗോവിന്ദരാജ്, ആക്ഷൻ: മഹേഷ് മാത്യു, പ്രൊഡക്ഷൻ ഡിസൈൻ: കുമാർ ഗംഗപ്പൻ, തെലുങ്ക് വിതരണം: ഷോയിംഗ് ബിസിനസ്. പിആർ ആതിര ദിൽജിത്ത്.





ഹലോ കാതൽ

ആര്യ, നിഖില വിമൽ, വൈഷ്ണവി ചൈതന്യ എന്നിവർ പ്രധാന കഥാപാത്രങ്ങളായെത്തുന്ന 'ഹലോ കാതൽ' ട്രെയിലർ എത്തി. പ്രണയ വിലാസം എന്ന ചിത്രം സംവിധാനം ചെയ്ത നിഖിൽ മുരളിയാണ് ഹലോ കാതലും സംവിധാനം ചെയ്യുന്നത്.

ആര്യയുടെ നാൽപതാമത് ചിത്രമാണിത്. ആര്യയുടെ സ്വന്തം ബാനറായ ദ് ഷോ പീപ്പിൾ, സിൽവർ ഗ്രെയിൻ പിക്ചേഴ്സ് എന്നിവർ ചേർന്നാണ് ചിത്രം നിർമിക്കുന്നത്. ഡിസംബർ നാലിന് ചിത്രം റിലീസ് ചെയ്യും. തെലുങ്കിൽ ഹലോ പ്രേമ എന്ന പേരിലാണ് ചിത്രം പുറത്തിറങ്ങുന്നത്.

ജി.വി. പ്രകാശ് ആണ് സംഗീതം. സുനു എ.വി, ജ്യോതിഷ് എന്നിവർ ചേർന്നാണ് തിരക്കഥ. ഛായാഗ്രഹണം ജീവ ശങ്കർ. എഡിറ്റിംഗ് ബിനു.

സൊസൈറ്റി ടുഡേ
SOCIETY TODAY



ഇന്ത്യയിലെ ആദ്യത്തെ ഫ്ളെക്സ് ഹൈബ്രിഡ് വാഹനവുമായി ഇന്നോവ ഹൈക്രോസ്

വില 19.99 ലക്ഷം മുതൽ

തിരുവനന്തപുരം: ഇന്ത്യയിലെ ആദ്യത്തെ ഫ്ളെക്സ് ഹൈബ്രിഡ് ഇലക്ട്രിക് വാഹനമായ 'ഇന്നോവ ഹൈക്രോസ്' വിപണിയിലവതരിപ്പിച്ച് ടൊയോട്ട കിർലോസ്കർ മോട്ടോർ. ഇ20 മുതൽ ഇ85 വരെയുള്ള ഏത് എഥനോൾ മിശ്രിത ഇന്ധനത്തിലും പ്രവർത്തിക്കാനുള്ള ശേഷിയും, സെൽഫ് ചാർജിങ് സ്ട്രോങ് ഹൈബ്രിഡ് സാങ്കേതികവിദ്യയും ഒത്തുചേരുന്ന വാഹനമാണിത്. 19.99 ലക്ഷം രൂപ മുതലാണ് (എക്സ്ഷോറൂം) പുതിയ മോഡലിന്റെ വില ആരംഭിക്കുന്നത്. ബുക്കിങ് നവംബർ 26 മുതൽ ആരംഭിക്കും.

തദ്ദേശീയമായി നിർമ്മിച്ച ഫ്ലെക്സ്ഫ്യുവൽ എൻജിനും ഇഡ്രൈവുമാണ് വാഹനത്തിന്റെ പ്രധാന പ്രത്യേകത. ഇന്ത്യയിലെയും ജപ്പാനിലെയും എൻജിനീയറിങ് സംഘങ്ങൾ സംയുക്തമായി രാജ്യത്തെ വിവിധ ഭൂപ്രകൃതികളിലും കാലാവസ്ഥകളിലും കർശന പരിശോധനകൾ പൂർത്തിയാക്കിയ ശേഷമാണ് വാഹനം വിപണിയിലെത്തിക്കുന്നത്. ടൊയോട്ടയുടെ 5ാം തലമുറ സ്ട്രോങ് ഹൈബ്രിഡ് ഇലക്ട്രിക് സിസ്റ്റത്തോടു കൂടിയ ടിഎൻജിഎ 2.0ലിറ്റർ ഫ്ലെക്സി എൻജിനാണ് വാഹനത്തിന് കരുത്തേകുന്നത്. 197.13 ഒജ കരുത്ത് ഉൽപ്പാദിപ്പിക്കുന്ന എൻജിനിൽ ഇവി, ഇക്കോ, പവർ എന്നീ ഡ്രൈവ് മോഡുകളുണ്ട്. ഇ20 ഇന്ധനത്തിൽ ലിറ്ററിന് 22.58 കിലോമീറ്റർ ഇന്ധനക്ഷമത വാഹനം വാഗ്ദാനം ചെയ്യുന്നു. 6 എയർബാഗുകൾ, ടൊയോട്ട സേഫ്റ്റി സെൻസ് 3.0 (ഡൈനാമിക് റഡാർ ക്രൂയിസ് കൺട്രോൾ, ലെയ്ൻ ട്രാക്കിങ് അസിസ്റ്റ്, ബ്ലൈൻഡ് സ്പോട്ട് മോണിറ്റർ), 360ഡിഗ്രി ക്യാമറ, വെഹിക്കിൾ സ്റ്റെബിലിറ്റി കൺട്രോൾ, ഹിൽ സ്റ്റാർട്ട് അസിസ്റ്റ തുടങ്ങിയ നൂതന സുരക്ഷാ സംവിധാനങ്ങളാണ് വാഹനത്തിലുള്ളത്.




റാഗ്ബാഗ് അന്താരാഷ്ട്ര കാർണിവൽ ജനുവരി 13 മുതൽ കോവളത്ത്

തിരുവനന്തപുരം: കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര കലാമേളയായ 'റാഗ്ബാഗ്' കാർണിവലിന്റെ ഔദ്യോഗിക പോസ്റ്റർ വിനോദസഞ്ചാര സാംസ്കാരിക വകുപ്പ് മന്ത്രി പി.സി. വിഷ്ണുനാഥ് പ്രകാശനം ചെയ്തു. 'സ്ലോ ലൈഫ്' എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന മേള ജനുവരി 13 മുതൽ ഒരാഴ്ചക്കാലം കോവളം ബീച്ചിലും കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിലുമായി നടക്കും.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ നവീനവും പരീക്ഷണാത്മകവുമായ കലാവിഷ്കാരങ്ങളുടെ സംഗമമാണ് റാഗ്ബാഗ്.ഇവിടെ ഭാവനയും സാങ്കേതിക വിദ്യയും മനോഹരമായി സമന്വയിക്കുന്നത് കാണാം. നാടകം, മ്യൂസിക്കൽ തീയേറ്റർ, വാട്ടർ സ്ക്രീൻ പ്രോജെക്ഷൻ, ക്ലാസിക്കൽ തീയേറ്റർ, സ്ട്രീറ്റ് തീയേറ്റർ സർക്കസ് തീയേറ്റർ , ഫിസിക്കൽ കോമഡി, സ്റ്റോപ്പ് & ഗോ ഷോ, പാവകളി, , വീഡിയോ ആർട്ട്, അക്രോബാറ്റിക്സ്, ട്രപ്പീസ്, വെർട്ടിക്കൽ ഡാൻസ് തുടങ്ങിയ വൈവിധ്യമാർന്ന കലാരൂപങ്ങൾ മേളയിൽ അരങ്ങേറും.

ഇന്ത്യ ഉൾപ്പെടെ ഇറ്റലി, ഫ്രാൻസ്, അർജന്റീന, ഡെന്മാർക്, നെതർലൻഡ്, സ്പെയിൻ, കാറ്റലോണിയ, പോർട്ടുഗൽ, ജർമനി, സ്വീഡൻ, ഫിൻലാൻഡ് എന്നീ രാജ്യങ്ങളിൽ നിന്നുള്ള കലാസംഘങ്ങളിലായി കലാകാരന്മാർ വ്യത്യസ്ത അവതരണങ്ങളുമായി മേളയിൽ അണിനിരക്കും

പരമ്പരാഗത കലാരൂപങ്ങൾക്കൊപ്പം ആഗോളതലത്തിലെ നവീന കലാപ്രവണതകളെ കേരളത്തിന് പരിചയപ്പെടുത്താനും, കലയെയും കരകൗശലത്തെയും ലോകവുമായി ബന്ധിപ്പിക്കുന്ന സാംസ്കാരിക പാലമായി കേരളത്തെ മാറ്റാനുമാണ് മേളയിലൂടെ ലക്ഷ്യമിടുന്നതെന്ന് കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ടി.യു. ശ്രീപ്രസാദ് പറഞ്ഞു. കാർണിവലിന് മന്ത്രി എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്തു. പോസ്റ്റർ പ്രകാശന ചടങ്ങിൽ സി.ഒ.ഒ. ടി.യു. ശ്രീപ്രസാദ്, റാഗ്ബാഗ് ക്യൂറേറ്റർ വി. ശശികുമാർ, ടെകനിക്കൽ കോഓർഡിനേറ്റർ നന്ദഗോപൻ, ക്രാഫ്റ്റ് വില്ലേജ് ഉദ്യോഗസ്ഥൻ എം.പി. അക്ഷയ് എന്നിവർ പങ്കെടുത്തു.



ഗോൾഡ് സ്പോട്ട് വീണ്ടും വിപണിയിൽ അവതരിപ്പിച്ചു

കൊച്ചി: ഇന്ത്യയിലെ ജനപ്രിയ ഓറഞ്ച് ശീതളപാനീയ ബ്രാൻഡായ ഗോൾഡ് സ്പോട്ട് വീണ്ടും വിപണിയിലെത്തി. 'ദി സിംഗ് തിങ്' എന്ന വിശേഷണത്തിലൂടെ ശ്രദ്ധ നേടിയ ബ്രാൻഡ് പുതിയ ക്യാൻ രൂപത്തിലാണ് തിരിച്ചെത്തുന്നത്. കുറഞ്ഞ പഞ്ചസാരയുള്ള പാനീയമായാണ് ഗോൾഡ് സ്പോട്ടിന്റെ പുതിയ പതിപ്പ് അവതരിപ്പിച്ചിരിക്കുന്നത്. 1952ൽ ഇന്ത്യയിൽ അവതരിപ്പിച്ച ഗോൾഡ് സ്പോട്ട് തലമുറകളുടെ ഓർമകളിൽ ഇടം നേടിയ ബ്രാൻഡാണ്. തിരിച്ചുവരവിന്റെ ഭാഗമായി ബ്ലിങ്കിറ്റ്, സിഗ്ഗി ഇൻസ്റ്റാമാർട്ട്, സെപ്റ്റോ, ഫ്ലിപ്കാർട്ട് മിനിറ്റ്സ്, ആമസോൺ നൗ തുടങ്ങിയ കിക്ക് കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെയാണ് ആദ്യം ലഭ്യമാക്കുന്നത്. പഴയ ഉപഭോക്താക്കളെയും പുതിയ തലമുറയെയും ഒരുപോലെ ലക്ഷ്യമിട്ടാണ് കൊക്കകോള ഇന്ത്യയുടെ ഈ പുനരവതരണം.

ദീർഘകാല സമ്പാദ്യം വളർത്താൻ വെൽത്ത് പ്രീമിയർ പ്ലാനുമായി ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ്

കൊച്ചി: നിക്ഷേപത്തിലൂടെ ദീർഘകാല സമ്പത്ത് വളർത്തുന്നതിനൊപ്പം കുടുംബങ്ങൾക്ക് സാമ്പത്തിക പരിരക്ഷയും ഉറപ്പാക്കുന്ന പുതിയ യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പദ്ധതിയായ വെൽത്ത് പ്രീമിയർ പ്ലാനുമായി ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ്. കുറഞ്ഞ തുകയിൽ നിക്ഷേപം ആരംഭിക്കാനും ദീർഘകാലാടിസ്ഥാനത്തിൽ സമ്പാദ്യം വളർത്താനും ആഗ്രഹിക്കുന്നവർക്ക് മികച്ച അവസരമൊരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

10 മുതൽ 40 വർഷം വരെയുള്ള പോളിസി കാലാവധിയാണ് പദ്ധതിയിലുള്ളത്. ഒറ്റത്തവണയായോ നിശ്ചിത കാലയളവിലായോ പതിവായോ പ്രീമിയം അടയ്ക്കാനുള്ള സൗകര്യവും ലഭ്യമാണ്. നിശ്ചിത കാലയളവിലോ പതിവായോ പ്രീമിയം അടയ്ക്കുന്നവർക്ക് പ്രതിവർഷം 40,000 രൂപ മുതൽ നിക്ഷേപം ആരംഭിക്കാം. ഒറ്റത്തവണ പ്രീമിയം അടയ്ക്കുന്നവർക്ക് കുറഞ്ഞത് ഒരു ലക്ഷം രൂപയാണ് നിക്ഷേപിക്കേണ്ടത്.

ഓഹരി അധിഷ്ഠിതം, ഇൻഡക്സ് ലിങ്ക്ഡ്, വിവിധ ആസ്തികളിലെ നിക്ഷേപം, സ്ഥിരവരുമാനം തുടങ്ങിയ വിഭാഗങ്ങളിലായി അഞ്ച് നിക്ഷേപ മാർഗങ്ങളും 12 ഫണ്ടുകളുമാണ് പദ്ധതിയിലുള്ളത്. വിപണിയിലെ മാറ്റങ്ങൾ, പ്രായം, റിസ്ക് എടുക്കാനുള്ള ശേഷി, പോളിസി കാലാവധി പൂർത്തിയാകുന്ന സമയം എന്നിവ കണക്കിലെടുത്ത് നിക്ഷേപം സ്വയം ക്രമീകരിക്കുന്ന നാല് ഓട്ടോമേറ്റഡ് സംവിധാനങ്ങളും ലഭ്യമാണ്. അധിക ചാർജില്ലാതെ എത്ര തവണ വേണമെങ്കിലും ഒരു ഫണ്ടിൽ നിന്നും മറ്റൊന്നിലേക്ക് നിക്ഷേപം മാറ്റാനും കഴിയും. വിശദവിവരത്തിന് വെബ്സൈറ്റ്: https://www.ageas-federal.com/

ആമസോണിന്റെ ഇന്ത്യയിൽ നിന്നുള്ള ഇകൊമേഴ്സ് കയറ്റുമതി 27 ബില്യൺ ഡോളറിലെത്തി

ന്യൂഡൽഹി: ഇന്ത്യയിൽ നിന്നുള്ള ആമസോൺ ഗ്ലോബൽ സെല്ലിങ് വഴിയുള്ള ആകെ ഇകൊമേഴ്സ് കയറ്റുമതി 27 ബില്യൺ ഡോളറിലെത്തി. 2030ഓടെ 80 ബില്യൺ ഡോളറിന്റെ കയറ്റുമതി എന്ന ലക്ഷ്യത്തിലേക്കുള്ള മുന്നേറ്റത്തിലാണ് ആമസോൺ ഇന്ത്യ. 2015ൽ ആരംഭിച്ച പദ്ധതിയിലൂടെ ഇതുവരെ 2.4 ലക്ഷം ഇന്ത്യൻ സംരംഭകരും ചെറുകിട ബിസിനസുകളും ആഗോള വിപണിയിലെത്തിയിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനിടെ കയറ്റുമതിക്കാരുടെ എണ്ണത്തിൽ 20 ശതമാനം വളർച്ച രേഖപ്പെടുത്തി. ആമസോണിന്റെ 18ലധികം രാജ്യാന്തര വിപണികളിലൂടെ ഒരു ബില്യണിലധികം 'മെയ്ഡ് ഇൻ ഇന്ത്യ' ഉൽപ്പന്നങ്ങളാണ് ഇതുവരെ ലോകമെമ്പാടുമുള്ള ഉപഭോക്താക്കളിലെത്തിയത്.

കേരളത്തിനും ഈ കയറ്റുമതി മുന്നേറ്റത്തിൽ ശ്രദ്ധേയമായ സ്ഥാനമുണ്ട്. 2025 ജനുവരി മുതൽ 2026ലെ മൂന്നാം പാദം വരെയുള്ള കാലയളവിൽ ആമസോൺ ഗ്ലോബൽ സെല്ലിങ് വഴി ആലപ്പുഴയിൽ നിന്നുള്ള കയറ്റുമതിക്കാർ 30 മില്യൺ ഡോളറിലധികം വിൽപ്പന നേടി.

സൊസൈറ്റി ടുഡേ
SOCIETY TODAY



കേരള സ്റ്റാർട്ടപ്പ് മിഷനിൽ എത്തിയ ജാഗൃതി യാത്ര 2026 ലെ സംരംഭകത്വ പഠന യാത്രാംഗങ്ങൾ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഷാജി വർഗീസ്, ജാഗൃതി യാത്ര സി.ഇ.ഒ ആശുതോഷ് കുമാർ എന്നിവർക്കൊപ്പം.

മുത്തൂറ്റ് ഫിൻകോർപ്പ്; ജാഗൃതി യാത്രയ്ക്ക് കൊച്ചിയിൽ സ്വീകരണം നൽകി

കൊച്ചി: മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡിന്റെ പങ്കാളിത്തത്തോടെ രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന ജാഗൃതി യാത്ര 2026ന്റെ 19ാം പതിപ്പിന് കളമശ്ശേരിയിലെ കേരള സ്റ്റാർട്ടപ്പ് മിഷനിൽ സ്വീകരണം നൽകി. രാജ്യത്തെ 220ലധികം ജില്ലകളെ പ്രതിനിധീകരിച്ച് 525 പേരാണ് ഇത്തവണത്തെ ജാഗൃതി യാത്രയിൽ പങ്കെടുക്കുന്നത്. സംരംഭകത്വ ആശയങ്ങൾ സ്വായത്തമാക്കാനും, നേരിൽ കണ്ട് മനസിലാക്കാനുമായി പ്രത്യേക ട്രെയിനിൽ വിവിധ സംസ്ഥാനങ്ങളിലൂടെ എണ്ണായിരത്തോളം കിലോമീറ്ററാണ് ഇവർ സഞ്ചരിക്കുന്നത്. കഴിഞ്ഞവർഷങ്ങളിലേതിലും വ്യത്യസ്തമായി ഇക്കുറി യുവതികളുടെ പങ്കാളം കൂടുതലാണ്. മാലിന്യ സംസ്കരണത്തിലും പുനരുപയോഗത്തിലും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുന്ന ഗ്രീൻ വേംസിന്റെ കേന്ദ്രം സന്ദർശിച്ചുകൊണ്ടാണ് കൊച്ചിയിലെ പരിപാടികൾക്ക് തുടക്കമായത്. മാലിന്യ സംസ്കരണം, ചാക്രിക സമ്പദ്വ്യവസ്ഥ, പരിസ്ഥിതി സൗഹൃദ സംരംഭങ്ങളിലൂടെ ഉപജീവനമാർഗങ്ങൾ സൃഷ്ടിക്കൽ തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ യാത്രികർ നേരിട്ട് മനസ്സിലാക്കി.

വികസിത ഭാരതം സ്വപ്നം കാണുന്ന രാജ്യത്തിന് തൊഴിൽ അന്വോഷകരെക്കാൾ തൊഴിൽ ദാതാക്കളെയാണ് കൂടുതൽ ആവശ്യമെന്ന് ചടങ്ങിൽ മുഖ്യ പ്രഭാഷനം നടത്തിയ മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഷാജി വർഗീസ് പറഞ്ഞു. കേരളത്തിൽ വേരുകളുള്ള ഒരു സ്ഥാപനമെന്ന നിലയിൽ, വിവിധ സമൂഹങ്ങൾക്കിടയിൽ സംരംഭക ചിന്തയും സാമ്പത്തിക അവബോധവും പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനാലാണ് സാമ്പത്തികവും പാരിസ്ഥിതികവും സാമൂഹികവുമായ പ്രായോഗിക വെല്ലുവിളികൾക്ക് പരിഹാരം കണ്ടെത്തുന്ന സംരംഭങ്ങളിൽ നിന്ന് പഠിക്കാൻ യുവാക്കൾക്ക് അവസരം ലഭ്യമാക്കുന്ന ജാഗൃതി യാത്ര തങ്ങൾ പിന്തുണയ്ക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഒരു പാരിസ്ഥിതിക വെല്ലുവിളിയെ എങ്ങനെ സംരംഭകത്വത്തിനും ഉപജീവനമാർഗങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള അവസരമാക്കി മാറ്റാമെന്ന് ഗ്രീൻ വേംസ് കാണിച്ചുതരുന്നുവെന്ന് ജാഗൃതി സി.ഇ.ഒ. ആശുതോഷ് കുമാർ പറഞ്ഞു. കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ. അനൂപ് പി.അംബിക, ജാഗൃതി വൈസ് ചെയർമാൻ അശ്വൻ നായിക് തുടങ്ങിയവരും പ്രസംഗിച്ചു. കൊച്ചിയിലെ സന്ദർശനത്തിന് ശേഷം സംഘം മധുരയിലേയ്ക്ക് യാത്ര തിരിച്ചു.



കേരള സ്റ്റാർട്ടപ്പ് മിഷൻ സി.ഇ.ഒ. അനൂപ് പി.അംബിക, മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഷാജി വർഗീസ്, ജാഗൃതി യാത്ര സി.ഇ.ഒ ആശുതോഷ് കുമാർ എന്നിവർ ചേർന്ന് കേരള സ്റ്റാർട്ടപ്പ് മിഷനിൽ ജാഗൃതി യാത്രയ്ക്ക് സ്വീകരണം നൽകുന്നു.

ജാഗൃതി യാത്രയെക്കുറിച്ച്

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ 15 ദിവസം കൊണ്ട് 8,000 കിലോമീറ്റർ സഞ്ചരിക്കുന്ന സംരംഭകത്വ പഠനയാത്രയാണ് ജാഗൃതി യാത്ര. സംരംഭകർ, നവീന ആശയങ്ങളുടെ ഉപജ്ഞാതാക്കൾ, മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്ന വ്യക്തികൾ എന്നിവരുമായി സംവദിക്കാൻ യുവാക്കൾക്ക് യാത്ര അവസരമൊരുക്കുന്നു. അനുഭവാധിഷ്ഠിത പഠനത്തിലൂടെയും സംരംഭങ്ങളുമായും പ്രാദേശിക സമൂഹങ്ങളുമായുമുള്ള നേരിട്ടുള്ള ഇടപെടലുകളിലൂടെയും ഇന്ത്യയിലെ ചെറുനഗരങ്ങളുടെയും ഗ്രാമീണ മേഖലകളുടെയും വികസനത്തിന് സംഭാവന നൽകുന്ന സംരംഭങ്ങൾ ആരംഭിക്കാൻ യുവാക്കളെ പ്രചോദിപ്പിക്കുകയാണ് ജാഗൃതി യാത്രയുടെ ലക്ഷ്യം.

തുഷാർ മെഗാ ടൂറിസം ബി2ബി മീറ്റിന്റെ ഉദ്ഘാടനം ഇന്ന്

കൊച്ചി: കേരളത്തിലെ ട്രാവൽ ആൻഡ് ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രൊഫഷണൽ സംഘടനയായ കേരള ട്രൈറ്റ്സ് ട്രാവൽസ് ആൻഡ് ടൂർസ് കൺസോർഷ്യം സംഘടിപ്പിക്കുന്ന തുഷാർ മെഗാ ടൂറിസം ബി2ബി മീറ്റിന്റെ അഞ്ചാം എഡിഷന്റെ ഉദ്ഘാടനം ഇന്ന് (27.11.2027) രാവിലെ 10ന് കൊച്ചി കലൂർ ജവഹർലാൽ നെഹ്റു ഇന്റർനാഷണൽ സ്റ്റേഡിയം ഗ്രൗണ്ടിൽ സംസ്ഥാന ടൂറിസം മന്ത്രി പി.സി. വിഷ്ണുനാഥ് നിർവഹിക്കും.ചടങ്ങിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം. ജോൺ സുവനീർ പ്രകാശനം ചെയ്യും. സമാപന സമ്മേളനം നാളെ വൈകിട്ട് മുഖ്യന്ത്രി വി.ഡി.സതീശൻ നിർവ്വഹിക്കും.

റിപ്പോർട്ട് പുറത്തിറക്കി എഎസ്സിഐ

കൊച്ചി: 2026 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ കണ്ടെത്തിയ പരസ്യ നിയമലംഘനങ്ങളിൽ 98 ശതമാനവും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലാണെന്ന് അഡ്വർടൈസിങ് സ്റ്റാൻഡേർഡ്സ് കൗൺസിൽ ഓഫ് ഇന്ത്യയുടെ (എഎസ്സിഐ) റിപ്പോർട്ട്. നിയമവിരുദ്ധ വാതുവെപ്പ്, വ്യക്തിഗത പരിചരണ ഉൽപ്പന്നങ്ങൾ, റിയൽ എസ്റ്റേറ്റ് മേഖലകളിലാണ് കൂടുതൽ നിയമലംഘനങ്ങൾ കണ്ടെത്തിയത്. ഡിജിറ്റൽ നിയമലംഘനങ്ങളിൽ 73.4 ശതമാനവും മെറ്റാ പ്ലാറ്റ്ഫോമുകളിലായിരുന്നു. പരിശോധിച്ച പരസ്യങ്ങളിൽ 94 ശതമാനവും തിരുത്തേണ്ടതായി കണ്ടെത്തി. 85 ശതമാനം നിയമലംഘനങ്ങളും എഎസ്സിഐയുടെ സജീവ നിരീക്ഷണത്തിലൂടെയാണ് കണ്ടെത്തിയത്. പരസ്യദാതാക്കളുടെ സ്വമേധയാ ഉള്ള അനുസരണനിരക്ക് 86 ശതമാനമായി ഉയർന്നതായും റിപ്പോർട്ട് വ്യക്തമാക്കി. പൊതുജനങ്ങളിൽ നിന്നുള്ള പരാതികൾ കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 20 ശതമാനം വർധിച്ചു.

ബുർജ് ഖലീഫയിൽ ബിസിനസ് സംഗമത്തിന് ഒരുങ്ങി വേൾഡ് മലയാളി ഫെഡറേഷൻ



കൊച്ചി: വേൾഡ് മലയാളി ഫെഡറേഷനും വർഗീസ് മൂലൻസ് ഗ്രൂപ്പും കൈകോർക്കുന്നു. ഇതിന്റെ ഭാഗമായി ദുബായിലെ ലോകപ്രശസ്തമായ ബുർജ് ഖലീഫയിൽ ബിസിനസ് സമ്മേളനവും ഡിന്നർ പാർട്ടിയിലെ മലയാളി സമൂഹത്തെ പങ്കെടുപ്പിച്ചുകൊണ്ട് പാചകമത്സരവും സംഘടിപ്പിക്കും. വേൾഡ് മലയാളി ഫെഡറേഷന്റെ ദുബായ് സ്റ്റേറ്റ് കൗൺസിലിന് കീഴിലുള്ള ബിസിനസ് ഫോറമാണ് വർഗീസ് മൂലൻസ് ഗ്രൂപ്പിന്റെയും ജയ് മസാലയുടെയും സഹകരണത്തോടെ ഈ പരിപാടികൾക്ക് നേതൃത്വം നൽകുന്നത്.

യു.എ.ഇയിലെ സംരംഭകർക്കിടയിൽ പുതിയ വ്യാപാരബന്ധങ്ങളും നിക്ഷേപസാധ്യതകളും സഹകരണങ്ങളും വളർത്തുന്നതിനും മലയാളി സമൂഹത്തിന് കൂടുതൽ ബിസിനസ് അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഈ സംഗമം വഴിയൊരുക്കുമെന്ന് വേൾഡ് മലയാളി ഫെഡറേഷൻ ഗ്ലോബൽ ചെയർമാൻ ഡോ. ജെ. രത്നകുമാർ വ്യക്തമാക്കി.

കേരളം ഇനിയും പ്രയോജനപ്പെടുത്താത്ത ബ്ലൂ എക്കണോമി പോലെയുള്ള സാദ്ധ്യതകൾ പ്രവാസി മലയാളികൾക്ക് മുന്നിൽ തുറന്നു കൊടുക്കുക വിധത്തിലുള്ള ബിസിനസ് കൂടിക്കാഴ്ചകൾ നടത്താൻ ഈ സംഗമം വഴിയൊരുക്കുമെന്ന് മാരിടൈം ഇന്ത്യ ട്രേഡ് കൗൺസിൽ ചെയർമാൻ എൻ എം പണിക്കർ അഭിപ്രായപ്പെട്ടു.

യു.എ.ഇയിലെ വിവിധ എമിറേറ്റുകളിലുള്ള പാചകപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിച്ചുകൊണ്ട് ആരംഭിക്കുന്ന പാചക മത്സരം തുടർന്ന് ഘട്ടം ഘട്ടമായി നൂറ്റിയെഴുപത്തിയൊന്ന് രാജ്യങ്ങളിലേക്കും വ്യാപിപ്പിക്കും. പുതുതലമുറയെ അനാരോഗ്യകരമായ ഭക്ഷണശീലങ്ങളിൽ നിന്നും തനത് പാരമ്പര്യ പാചക വൈദഗ്ധ്യങ്ങളിലേക്ക് തിരികെ കൊണ്ടുവരാനാണ് ഈ മത്സരത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് വർഗീസ് മൂലൻസ് ഗ്രൂപ്പ് ചെയർമാൻ ഡോ. വർഗീസ് മൂലൻ വ്യക്തമാക്കി. ലോകമെമ്പാടുമുള്ള മലയാളികളുടെ തനത് ഭക്ഷണവിഭവങ്ങളും പാചകപാരമ്പര്യങ്ങളും ഒരേ വേദിയിൽ എത്തിക്കുന്നതിനൊപ്പം പ്രവാസി മലയാളികളുടെ കൂട്ടായ പങ്കാളിത്തത്തിനും സാംസ്കാരിക കൈമാറ്റത്തിനും ഈ പരിപാടി വേദിയാകും. വേൾഡ് മലയാളി ഫെഡറേഷന്റെ വിപുലമായ ശൃംഖലയും വർഗീസ് മൂലൻസ് ഗ്രൂപ്പിന്റെ വ്യവസായ രംഗത്തെ പ്രവർത്തനപരിചയവും ജയ് മസാലയുടെ സഹകരണവും സംയോജിപ്പിച്ച് നടപ്പാക്കുന്ന ഈ സംയുക്ത സംരംഭങ്ങൾ മലയാളി സമൂഹത്തിന്റെ കഴിവുകളും സാംസ്കാരിക പൈതൃകവും ലോകത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പായിരിക്കുമെന്ന് സംഘാടകർ അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com